**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6207** **09-11-2021 - ൽ മറുപടിയ്ക്ക്**

**മലബാറിന്റെ സാംസ്കാരിക പാരമ്പര്യം പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലബാറിന്റെ തനതായ പാരമ്പര്യങ്ങളെയും അനുഷ്ഠാന കലകളെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | മ്യൂസിയം വകുപ്പിന് കീഴിൽ മലബാറിന്റെ അനുഷ്ഠാന കലയായ തെയ്യത്തെ ആധാരമാക്കിയും, ആചാരങ്ങൾ, വിവിധ തെയ്യക്കോലങ്ങൾ, ചരിത്രം എന്നിവ വിശദമായി പ്രതിപാദിച്ചുകൊണ്ടും കണ്ണൂർ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം, മലബാറിന്റെ തനതായ പാരമ്പര്യം ഉൾക്കൊള്ളുന്ന ഗോത്ര സമൂഹത്തിന്റെ നേർക്കാഴ്ച്ചയായി വയനാട് കുങ്കിച്ചിറയിൽ മ്യൂസിയം, കണ്ണൂർ ടൗണിൽ കൈത്തറി മ്യൂസിയം എന്നീ മൂന്ന് പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കലാപഠനം കഴിഞ്ഞ യുവകലാകാരൻമാർക്ക് പ്രോത്സാഹനം, തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കൽ എന്നീ ലക്ഷ്യങ്ങളോടെ കലാരൂപങ്ങളുടെ സാമൂഹ്യ പരിശീലനത്തിനായി സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, നാട്ടരങ്ങ് പദ്ധതി, ഗ്രാമീണ കലാകരകൗശല കേന്ദ്രം പദ്ധതി എന്നിവയിലൂടെ മലബാറിന്റെ തനത് പാരമ്പര്യത്തേയും കലകളേയും ഉൾപ്പെടെ പ്രോത്സാഹിപ്പിച്ച് വരുന്നു. മലബാറിന്റെ തനത് കലകളിൽ പ്രധാനപ്പെട്ട മാപ്പിളകലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മലപ്പുറം കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഫോക് ലോർ അക്കാദമി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഇതിനു വേണ്ടി ചരിത്ര ഭൂമിയായ മലപ്പുറം കോട്ടക്കുന്നിൽ സാംസ്കാരിക വകുപ്പിന് കീഴിൽ ഒരു മ്യൂസിയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | മലപ്പുറം കോട്ടക്കുന്നിൽ സ്വാതന്ത്ര്യസമര സേനാനി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിൻെറ പേരിൽ വിപുലമായ സാംസ്കാരിക സമുച്ചയം കിഫ്ബി പദ്ധതി പ്രകാരം 39.67 കോടി രൂപ എസ്റ്റിമേറ്റിൽ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | മാപ്പിള കലകളെക്കുറിച്ചും സാംസ്കാരിക തനിമയെക്കുറിച്ചും പ്രത്യേക ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി കേന്ദ്രമായുള്ള അറബിമലയാളം റിസർച്ച് ലൈബ്രറി, വിവിധ ഗാലറികൾ, മ്യൂസിയം എന്നിവിടങ്ങളിൽ മാപ്പിളകലകളെക്കുറിച്ചും മലബാറിന്റെ സാംസ്കാരിക തനിമയെപ്പറ്റിയും ഗവേഷണങ്ങൾക്ക് പ്രോത്സാഹകരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ